# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4223 — 28.06.2012 - ൽ മറുപടിക്ക്

## അന്ധവിദ്യാലയത്തിലെ ഹെഡ്മാസ്റ്റർമാർക്കു വേണ്ട യോഗ്യത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ അന്ധ വിദ്യാലയങ്ങളിലെ ഹെഡ്മാസ്റ്റർ മാർക്കു വേണ്ട യോഗ്യതകൾ എന്തെല്ലാമാണ്; വ്യക്ത മാക്കുമോ; | (എ) 22.11.1979-ലെ ജി.ഒ.(എം.എസ്) നം.196/79/പൊ.വി.വ പ്രകാരം താഴെ പറയുന്ന യോഗ്യതകൾ ഉണ്ടായിരിക്കണം.<br>1. ബി.എ./ബി.എസ്.സി./ബികോം<br>2. എൽ.ടി./ബി.ടി./ബിഎഡ്.<br>3. ലോവർ സർട്ടിഫിക്കറ്റ്/ജൂനിയർ ഡിപ്ലോമ ഇൻ ടീച്ചിംഗ് ദ ബ്ലൈൻഡ്/ഡഫ് എന്നിവയാണ് യോഗ്യതകൾ. |
| (ബി) നിലവിലുള്ള ഹെഡ്മാസ്റ്റർമാർ ഓരോരുത്തരും നേടിയിരി-ക്കുന്ന യോഗ്യതകൾ എന്തെല്ലാമെന്ന് വ്യക്ത മാക്കുമോ; | (ബി) 1. ശ്രീ.ജി.തുളസീധരൻ, ഹെഡ്മാസ്റ്റർ, ഗവ. സ്കൂൾ ഫോർ ബ്ലൈൻഡ്, ഒളശ്ശ, കോട്ടയം<br>(i) എസ്.എസ്.എൽ.സി.<br>(ii) ബി.എ.<br>(iii) ഡിപ്ലോമ ഇൻ ടീച്ചിംഗ് ദ വിഷ്വലി ഹാൻഡികാപ്ഡ്.<br>2. ശ്രീ.രഘുനാഥൻ നായർ, ഹെഡ്മാസ്റ്റർ, ഗവ. സ്കൂൾ ഫോർ ബ്ലൈൻഡ്, തിരുവനന്തപുരം (i) ബി.എ. (ഹിസ്റ്ററി)<br>(ii) ഡിപ്ലോമ ഇൻ ടീച്ചിംഗ് ദ വിഷ്വലി ഹാൻഡികാപ്ഡ്.<br>3. ശ്രീ.അബ്ദുള്ള.കെ., ഹെഡ്മാസ്റ്റർ, ഗവ. സ്കൂൾ ഫോർ ബ്ലൈൻഡ്, കാസർഗോഡ്<br>(i) ബി.എ. (ഇക്കണോമിക്സ്)<br>(ii) എം.എ. അറബിക്, ഹിസ്റ്ററി<br>(iii) ബി.എഡ്.<br>(iv) എം.എഡ്.<br>(v) സെറ്റ് (SET)<br>(vi) ഡിപ്ലോമ ഇൻ ടീച്ചിംഗ് ദ വിഷ്വലി ഹാൻഡികാപ്ഡ്. |

4. ശ്രീ.അബ്ദുൾ ഹക്കീം.കെ.എം., ഹെഡ്മാസ്റ്റർ, ഗവ. സ്കൂൾ ഫോർ ബ്ലൈൻഡ്, കുന്ദംകുളം.
(i) ബി.എ.
(ii) ബി.എഡ്.
(iii) ഡിപ്ലോമ ഇൻ സർവ്വീസ് പ്രൈമറി ടീച്ചേഴ്സ് ഓഫ് വിഷ്വലി ഹാൻഡികാപ്ഡ്.

(സി) നിശ്ചിത യോഗ്യത ഇല്ലാത്ത ഹെഡ്മാസ്റ്റർമാരെ തൽ സ്ഥാനത്തു നിന്നും നീക്കി യോഗ്യത ഉള്ളവരെ നിയമിക്കുമോ;

(സി) ബ്ലൈൻഡ് സ്കൂൾ ഹെഡ്മാസ്റ്റർ നിയമനത്തിനുള്ള സ്പെഷ്യൽ റൂൾസ് നിലവിലില്ലാത്തതിനാൽ കുന്ദംകുളം, ഒളശ്ശ (കോട്ടയം), തിരുവനന്തപുരം എന്നിവിടങ്ങളിലെ ഹെഡ്മാസ്റ്റർമാരെ ഓരോ വർഷത്തേക്ക് താല്ക്കാലികമായാണ് നിയമിക്കുന്നത്. സ്പെഷ്യൽ റൂൾസ് നിലവിൽ വന്നാൽ മതിയായ യോഗ്യതയുള്ളവരെ മാത്രമേ ഹെഡ്മാസ്റ്റർമാരായി നിയമിക്കുകയുള്ളൂ.

(ഡി) 4.01.2012-ൽ പൊതു വിദ്യാഭ്യാസ വകുപ്പു പുറത്തിറക്കിയ ജി.ഒ. (ആർ.റ്റി) 45/2012/G.Edn. ഉത്തരവ് നടപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത ഉത്തരവു നടപ്പാക്കാത്ത ഉദ്യോഗസ്ഥർക്കെതിരേ നടപടി സ്വീകരിക്കുമോ;

(എഫ്) പ്രസ്തുത ഉത്തരവ് പ്രാബല്യത്തിലുണ്ടെങ്കിൽ ആയത് നടപ്പിലാക്കുമോ?

(ഡി), (ഇ) &(എഫ്)
4.1.2012-ലെ ജി.ഒ.(ആർ.ടി) നം.45/2012/പൊ.വി.വ നമ്പർ ഉത്തരവിൽ ശ്രീ.രഘുനാഥൻനായരേയും ശ്രീ.ജി.തുളസീധരനേയും തിരുവനന്തപുരത്ത് തന്നെ നിലനിർത്താൻ നിർദ്ദേശിച്ചിരുന്നു. എന്നാൽ ശ്രീ.രഘുനാഥൻ നായരെ തിരുവനന്തപുരത്ത് നിലനിർത്താൻ ഉചിതമായ ഒഴിവ് നിലവിലില്ലാത്തതിനാൽ പ്രസ്തുത ഉത്തരവ് നടപ്പാക്കാനായിട്ടില്ല. അന്ധനായ ശ്രീ.രഘുനാഥൻ നായരുടെ അംഗവൈകല്യം പരിഗണിച്ചും ടിയാന് സർവ്വീസിൽ നിന്ന് വിരമിക്കാൻ രണ്ടു വർഷത്തിൽ താഴെ വർഷമേ ശേഷിക്കുന്നുള്ളൂ എന്നതു പരിഗണിച്ചും ടിയാനെ തിരുവനന്തപുരം ജില്ലയിൽ നിലനിർത്താനുള്ള സാദ്ധ്യത പരിശോധിച്ചു വരികയാണ്. 4.1.2012-ലെ ജി.ഒ.(ആർ.ടി)നം.45/2012/പൊ.വി.വ നമ്പർ ഉത്തരവ് നടപ്പാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ.